I/91144/2023

**തദ്ദേശസ്വയംഭരണ വകുപ്പ് - പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകൻറെ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ.**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവന ന്തപുരം - ഇടവ ഗ്രാമപ്പഞ്ചായത്ത്, ഇടവ
വില്ലേജിൽ - സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് - ലേ-ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1) ഇടവ ഗ്രാമപഞ്ചാത്തിൻറെ 28.04.2022-ലെ എ1 389/2021, 20.02.2023 ലെ 400198/BPED02/GPO/2022 /5254(1) എന്നീ നമ്പർ കത്തുകൾ.
2) ശ്രീമതി. ബി.എസ്.വിജയലക്ഷ്മി, മനജേർ, ലെക്ഷ്മിവിലാസം U.P.സ്കൂൾ, വർക്കല എന്നവർ30/03/2023-ൽ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷയും ഉള്ളടക്കവും.

**ഉത്തരവ് നമ്പർ: TCPTVM/434/2023-D തീയതി13-04-2023**

ഇടവ ഗ്രാമപഞ്ചായത്തിൽ ഇടവ വില്ലേജിൽ റീസർവ്വേ നമ്പർ 406/9 - ൽ ഉൾപ്പെട്ടതും 40.90 Are വിസ്തൃതിയുള്ള L. V . U . P . school പ്ലോട്ടിനുള്ളിൽ നിലവിലുള്ള സ്കൂൾ കെട്ടിടങ്ങൾക്കു പുറമേ 894.33 ച.മി ബിൽറ്റപ് ഏരിയ ഉള്ളതും GF , FF , 2 nd F & Tower എന്നീ 3 നിലകൾ ഉൾപ്പെട്ട Proposed School building, 42.12 ച.മി ബിൽറ്റപ് ഏരിയ ഉള്ളതും നിർമ്മാണം പൂർത്തീകരിച്ചതും ക്രമവത്കരിക്കാൻ ഉദ്ദേശിക്കുന്ന school kitchen shed, 21.12 ച.മി ബിൽറ്റപ് ഏരിയ ഉള്ള proposed toilet block എന്നിവ ഉൾപ്പടെ ആകെ 2030.16 ച.മി ബിൽറ്റപ് ഏരിയയുള്ള ( പ്ലാൻ പ്രകാരം) കെട്ടിടങ്ങൾ ഉൾപ്പെടുന്ന പ്ലോട്ടിന് ലേഔട്ട് അനുമതിക്കായി ശ്രീമതി.വിജയലക്ഷ്മി സൂചന (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാ നത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി KPBR-ചട്ടം 30 പ്രകാരം കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.പി.ബി.ആർ-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയിരിക്കണം.
2. പ്ലോട്ടിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച kitchen block shed, കെ.പി.ബി.ആർ- 2019 ചട്ടം 23, 26(5), 33 എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി ചട്ടപ്രകാരം ക്രമവത്കരിക്കേണ്ടതാണ്.
3. പൊളിച്ച് മാറ്റാൻ ഉദ്ദേശിക്കുന്നതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിട ഭാഗങ്ങളെല്ലാം പൊളിച്ച് മാറ്റിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ട താണ്.
4. നിർമ്മാണസ്ഥലത്തിൻറെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ

ഉൾപ്പെടുന്നില്ലെന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

5. പ്രസ്തുത സ്ഥലത്ത് ലഭ്യമായ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം. നിർദ്ദിഷ്ട ലേ - ഔട്ടിൽ ഡ്രെയിനേ ജിനുള്ള നിയമാനുസൃത സൗകര്യം നല്കിയിരിയ് ക്കണം.
6. KPBR -2019 ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന (Pollution control board, ഫയർ തുടങ്ങിയ എജൻസികളിൽ നിന്ന്) ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
7. KPBR -2019 ചട്ടം 10 പ്രകാരം പ്രസ്തുത സ്ഥലത്ത് Earth work നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതും, ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽ നിന്നും NOC ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്.
8. KPBR -2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിൻറെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറ ങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
9. KPBR 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയി ട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
10. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
11. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.
12. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ട ണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
13. ചട്ടം 42 പ്രകാരം differently abled- നു ആവശ്യമായ സൗകര്യങ്ങൾ നിർദ്ദിഷ്ട കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
14. ചട്ടം 34 പ്രകാരമുള്ള sanitation facilities, ചട്ടം 41 പ്രകാരമുള്ള lighting & ventilation എന്നിവ ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**ലേഔട്ട് അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ നമ്പർ : 10/2023 ഉള്ളടക്കം ചെയ്യുന്നു.**

RAJESH T N
TOWN PLANNER

Signed by
Rajesh T N
Date: 13-04-2023 15:05:45

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്
സെക്രട്ടറി
ഇടവ ഗ്രാമപഞ്ചായത്ത്

പകർപ്പ്: 1) അപേക്ഷകൻ, (അറിവിലേയ്ക്കായി)
ശ്രീമതി വിജയലക്ഷ്മി , മാനേജർ
ലക്ഷ്മി വിലാസം യു പി സ്കൂൾ , ഇടവ

I/91144/2023

2) കരുതൽ ഫയൽ
3) ഫയൽ.